(സി-ഇ) പുന്നക്കൽ ജനകീയ സമിതി അത്തരമൊരാവശ്യം ഉന്നയിച്ചിട്ടുണ്ട്. പാലത്തിന്റെ രൂപരേഖ, എസ്റ്റിമേറ്റ് തയ്യാറാക്കൽ തുടങ്ങിയ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ പാലം പണിയണമെന്നാവശ്യം കെ.എസ്.ഇ. ബോർഡ് പരിശോധിച്ചുവരികയാണ്.

വടകര മണ്ഡലത്തിലെ ഓമശ്ശേരിയിലെ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണത്തിന് അനുവദിച്ച കരാർ

130 (3932) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിലെ ഓമശ്ശേരിയിലെ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണത്തിന് ആർക്കാണ് കരാർ അനുവദിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) എപ്പോഴാണ് അവർ പണി ആരംഭിക്കേണ്ടിയിരുന്നത് എന്നും, എന്തെങ്കിലും ജോലി നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ അവിടെ സബ് സ്റ്റേഷന്റെ പണി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മെസേഴ്സ് ആൻഡ്രിക്കൂർ കൽക്കത്ത എന്ന കമ്പനിക്ക്.

(ബി) 18-11-2000-ൽ പ്രസ്തുത സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം കമ്പനിക്ക് കൈമാറി. ഈ തീയതി മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതായിട്ടാണ് കണക്കാക്കുന്നത്. സ്ഥലം നിരപ്പാക്കുന്ന ജോലി ഏകദേശം 60 % പൂർത്തിയായിട്ടുണ്ട്. കൂടാതെ യന്ത്രസാമഗ്രികൾ ഉദ്ദേശം 80% വാങ്ങിയിട്ടുമുണ്ട്.

(സി) കരാർ നൽകിയിട്ടുള്ള കമ്പനിക്ക് തുടർച്ചയായി നോട്ടീസ് നൽകിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള തീയതി ഇനിയും നിശ്ചയിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ബാക്കി പണികൾ വേറെ കോൺട്രാക്ടർ മുഖാന്തിരം ചെയ്യിക്കുവാൻ പരിശ്രമിച്ചുവരുന്നു.

പയമ്പ്ര പ്രദേശത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി

131 (3933) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നമംഗലം മണ്ഡലത്തിലെ പയമ്പ്ര പ്രദേശത്ത് സ്ഥാപിക്കാൻ തീരുമാനിച്ച ട്രാൻസ്ഫോർമർ പ്രസ്തുത പ്രദേശത്ത് സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ട്രാൻസ്ഫോർമർ എന്നത്തേക്ക് ഇവിടെ സ്ഥാപിക്കും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly